LIBRARY ARCHIVES Kerala Legislative Assembly

അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ

222 (1592) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പരിഷ്കരിച്ച സ്പെഷ്യൽ റൂൾ നടപ്പിൽ വരുത്തുന്നതിന്റെ കാലതാമസം വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾ നടപ്പാക്കാത്തതുകൊണ്ട് ഈ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും സ്ഥാനക്കയറ്റവും നിയമനങ്ങളും കോടതി വിധിയുടെ അടിസ്ഥാനത്തിൽ തടയപ്പെട്ടിട്ടുണ്ടോയെന്നും പ്രശ്നം എങ്ങനെയാണ് പരിഹരിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള ഗവൺമെന്റ് പ്രസസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തി കരട് സ്പെഷ്യൽ റൂൾസ് പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശം കൂടി ഉൾപ്പെടുത്തി വിഷയ നിർണ്ണയ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പ്രസ്തുത കരട് സ്പെഷ്യൽ റൂൾസ് നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ കമ്മിറ്റി നിർദ്ദേശം നൽകുകയും അതിൻപ്രകാരം നിയമ വകുപ്പിന് നൽകിയപ്പോൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം കൂടി ആരായുവാൻ നിയമ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് എത്രയും പെട്ടെന്ന് കരട് സ്പെഷ്യൽ റൂൾസ് ഫൈനലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

OP(KAT) Nos. 106, 405 of 2014 and 2906 of 2013 നമ്പരുള്ള ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ അച്ചടി വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും സ്ഥാനക്കയറ്റവും നിയമനവും താൽക്കാലികമായി തടയപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശപ്രകാരം IA ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.